©
Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIII<br>വാല്യം 53 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 3rd June 2008<br>2008 ജൂൺ 3<br>13th Jyaishta 1930<br>1930 ജ്യേഷ്ഠം 13 | No. നമ്പർ 1135 |


## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

നമ്പർ 22096/എച്ച് 3/2007/തൊഴിൽ. തിരുവനന്തപുരം, 2008 മേയ് 31.

1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം എസ്. ആർ. ഒ. നമ്പർ 386/99 ആയി 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള താഴെ പറയുന്ന കരട് പദ്ധതി പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി ഒരു മാസത്തിനകം പ്രസ്തുത കരട് ഭേദഗതിയെക്കുറിച്ച് ആർക്കെങ്കിലും ഏതെങ്കിലും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ അവ ഗവൺമെന്റ് സെക്രട്ടറി, തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതും മേൽ സമയപരിധിക്കുള്ളിൽ കിട്ടുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിഗണിക്കുന്നതുമാകുന്നു.

## കരട് പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2008-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിലെ 15-ാം ഖണ്ഡികയിൽ,—

"(1) (4)-ാം ഉപഖണ്ഡിക (എ) ഖണ്ഡത്തിൽ "100 രൂപ മുതൽ 300 രൂപ വരെ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "200 രൂപ മുതൽ 400 രൂപ വരെ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(2) (5)-ാം ഉപഖണ്ഡികയിൽ "1000 രൂപ" എന്ന അക്കത്തിനും വാക്കിനും പകരം "1500 രൂപ" എന്ന അക്കവും വാക്കും ചേർക്കേണ്ടതാണ്.

(3) (6)-ാം ഉപഖണ്ഡിക (ബി) ഖണ്ഡത്തിനുശേഷമുള്ള പട്ടികയിൽ ഇനം 4-ന് നേർക്ക് "അർഹമായ ഡെത്ത് എക്സ്ഗ്രേഷ്യ രൂപ" എന്ന ശീർഷകത്തിന് കീഴിൽ "40,000" എന്ന അക്കത്തിന് പകരം "50,000" എന്ന അക്കം ചേർക്കേണ്ടതാണ്".

page 12

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2008.